# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

ദേശീയ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽ സംരംഭം വികസിപ്പിച്ച വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ അനുവദിക്കുന്നത്- സർക്കാർ തീരുമാനം ലഭിച്ചതിനു ശേഷം തീരുമാനം കൈക്കൊണ്ടാൽ മതിയെന്ന സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവാകുന്നു.

അക്കാദമിക് എ VIII സെക്ഷൻ

നം. 7447 /എസിഎ VIII/01/2017 — തിയതി; പി ഡി ഹിൽസ് , 20/12/2017

പരാമർശം: (1) 18/07/2014 ലെ 3759/01/Ac AVIII/2014 നമ്പർ സർവ്വകലാശാല ഉത്തരവ് പ്രകാരം സ്വീകരിച്ച് നടപ്പാക്കിയ 01/10/2012 ലെ G.O(M.S) No. 499/2012 സർക്കാർ ഉത്തരവ്.

(2) ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നൽകിയ 23/12/2016 തിയതിയായ 9862/01/എസിഎ VIII/2014 നമ്പർ കത്ത്

(3) 29/11/2017 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്ട്സ് (ഇനം നം. 33/17.15/172226)

## ഉത്തരവ്

പരാമർശം(1) പ്രകാരം വിദ്യാർത്ഥി സംരംഭകത്വ പദ്ധതിയിൽ സംരംഭകരായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് , ഹാജരിളവ് എന്നീ ആനുകൂല്യങ്ങൾ അനുവദിക്കുന്നു. ടി ഉത്തരവ് പ്രകാരം ദേശീയ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ അംഗീകാരമുള്ള ടെക്നോളജി ബിസിനസ് ഇങ്കുബേറ്ററുകളിൽ (ടി. ബി .ഐ ) സംരംഭം വികസിപ്പിക്കുന്ന വിദ്യാർത്ഥികൾക്കാണ് ആനുകൂല്യങ്ങൾ അനുവദിക്കുന്നത് .

സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകൾ ദേശീയ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ അംഗീകാരമില്ലാതെ നടത്തുന്ന സ്ഥാപനങ്ങളിൽ സംരംഭം വികസിപ്പിച്ച വിദ്യാർത്ഥികളും വിദ്യാർത്ഥി സംരംഭകത്വ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വേണ്ടി സർവ്വകലാശാലയിൽ അപേക്ഷ സമർപ്പിക്കുന്നുണ്ട്. ഇങ്ങനെയുള്ള അപേക്ഷകളിൽ ആനുകൂല്യങ്ങൾ അനുവദിക്കാമോ എന്നതിൽ സ്പഷ്ടീകരണം ലഭിക്കുന്നതിനായി പരാമർശം(2) പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പിന് കത്ത് അയച്ചെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല.

ഈ സാഹചര്യത്തിൽ വിഷയം സർവ്വകലാശാല സിൻഡിക്കേറ്റ് മുൻപാകെ സമർപ്പിച്ചു. പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ തീരുമാനം ലഭിച്ചതിനു ശേഷം തീരുമാനം കൈക്കൊള്ളുവാൻ 29/11/2017 തിയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (3) പ്രകാരം തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സുകുമാരൻ റ്റി .ബി
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക്) I
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്,

(1) വൈസ് ചാൻസിലർ / പ്രോ വൈസ് ചാൻസിലറുടെ പി എസ്
(2) രജിസ്ട്രാർ /പരീക്ഷാ കണ്ട്രോളറുടെ പി എ
(3) എ .ആർ /ഡി .ആർ /ജെ.ആർ (അക്കാദമിക് )
(4) പിആർഒ/എൻക്വയറി
(5) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ(അപ് ലോഡ് ചെയ്യുന്നതിനായി)
(6) ഐക്യൂഎസി/എസിസി
(7) കരുതൽ ഫയൽ /ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം.9884/01/AcAVIII/14